# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2453** **18.12.2012- ൽ മറുപടിക്ക്**

**കോമളപുരം സ്പിന്നിംഗ് & വീവിംഗ് മില്ലിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി.വി.രാജേഷ് | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് തുറന്ന് പ്രവർത്തനം ആരംഭിച്ച ആലപ്പുഴ ജില്ലയിലെ കോമളപുരം സ്പിന്നിംഗ് & വീവിംഗ് മില്ലിന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | 2011 ഫെബ്രുവരിയിൽ കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മില്ലിന്റെ ഔദ്യോഗിക പ്രവർത്തനോൽഘാടനം നടന്നുവെങ്കിലും മില്ലിന്റെ വ്യാവസായികാടിസ്ഥാനത്തി ലുള്ള പ്രവർത്തനം ഇതുവരേയും ആരംഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത മിൽ തുറന്ന് പ്രവർത്തിപ്പിക്കാത്തതുകൊണ്ട് കോടി ക്കണക്കിന് രൂപയുടെ യന്ത്ര സാമഗ്രികൾ നശിച്ചു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കോമളപുരം സ്പിന്നിംഗ് മില്ലിൽ സ്ഥാപിച്ചിരിക്കുന്ന യന്ത്രങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ സ്പിന്നിംഗ് & വീവിംഗ് മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | സ്പിന്നിംഗ് മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ഇനിയും ഗണ്യമായ തുക ആവശ്യമുണ്ട്. കൂടാതെ തൊഴിലാളിക ളെയും ഉദ്യോഗസ്ഥരെയും നിയമിക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി കേസുകൾ ബഹു. കേരള ഹൈക്കോടതി മുൻപാകെ പരിഗണനയിലാണ്. ടി. കേസുകളിലെ അന്തിമ വിധി വന്നതിനുശേഷം മാത്രമേ ടി മില്ലിൽ നിയമനം നടത്തുവാൻ സാധിക്കുകയുള്ളൂ. മില്ലിലെ പ്രശ്നങ്ങൾക്ക് അടിയന്തിരമായും ശാശ്വതമായും പരിഹാരം കണ്ടെത്തുന്നതിനും മില്ല് തുറന്നു പ്രവർത്തിപ്പിക്കുന്നതിനും വേണ്ടി 27.09.2012-ലെ |